**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*129** **30.09.2016 ൽ മറുപടിയ്ക്ക്**

**ഓണം സമൃദ്ധി പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br><br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. എൻ. ജയരാജ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'ഓണം സമൃദ്ധി പദ്ധതി' വിജയകരമായിരുന്നോ; വിശദാംശങ്ങൾ നൽകുമോ;<br><br>ബി) പ്രസ്തുത പദ്ധതി പ്രകാരം വിഷരഹിത പച്ചക്കറികൾ സമാഹരിക്കുന്നതിലും സംഭരിക്കുന്നതിലും വിപണനം ചെയ്യുന്നതിലും വിജയിക്കാൻ സാധിച്ചുവോ; വ്യക്തമാക്കുമോ; | (എ യും ബി യും) വിജയകരമായിരുന്നു. കൃഷി വകുപ്പ്, അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടി കോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ കർഷകരിൽ നിന്നുള്ള ഉല്പന്നങ്ങൾ മൊത്ത വ്യാപാര വിലയേക്കാൾ 10% കൂടിയ നിരക്കിൽ സംഭരണം നടത്തുകയും ഉപഭോക്താക്കൾക്ക് മാർക്കറ്റ് വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് വിഷരഹിത ' ഫാം ഫ്രഷ് ' പച്ചക്കറികൾ സംസ്ഥാനത്ത് 1350 വിപണന ശാലകളിലൂടെ നൽകുകയും ചെയ്തു. ഇതിനായി സബ്സിഡി അനുവദിക്കുകയും ഉണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാർഷികോൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിപുലമായ പ്രചരണം നൽകികൊണ്ട് ജനകീയമായി സംഘടിപ്പിച്ച ഓണ വിപണികൾ കർഷകർക്കും ഉപഭോക്താക്കൾക്കും വളരെയധികം പ്രയോജനപ്രദമായിരുന്നു. ഇതുമൂലം ഓണ വിപണയിൽ പച്ചക്കറിയുടെ വില വർദ്ധിക്കാതിരിക്കുകയും ചെയ്തു. |
| (സി) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കാർഷികോല്പന്നങ്ങൾ നേരിട്ട് | (സി) കാർഷികോല്പന്നങ്ങൾ നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിനും ന്യായവില |

സമാഹരിക്കുന്നതിനും ഫലപ്രദമായി സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കാമോ:

ഉറപ്പാക്കുന്നതിനും ജില്ലാതല വിപണന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിട്ടുള്ള ടി കമ്മിറ്റിയിൽ ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസറും വിപണന ചുതലയുള്ള കൃഷി ഉദ്യോഗസ്ഥരും വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും കർഷക പ്രതിനിധിയും ഉൾപ്പെട്ടിട്ടുണ്ട്. ടി. കമ്മറ്റി വിപണന സാധ്യതകൾ മുൻകൂട്ടി വിലയിരുത്തുകയും ഉല്പന്നങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് ജില്ലയ്ക്കകത്ത് വിപണനത്തിനുള്ള സാധ്യതകൾ പരിശോധിക്കുകയും വിപണനം ഉറപ്പാക്കുന്നതിന് ആവശ്യാനുസരണമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

സംസ്ഥാനത്തെ ആറു മൊത്ത വ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകരിൽ നിന്നുമുള്ള ഉല്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ആഴ്ചയിൽ നിശ്ചിത ലേല ദിവസങ്ങളിൽ കർഷകർക്ക് ഉല്പ്പന്നങ്ങൾ നേരിട്ട് എത്തിക്കുകയും അടിസ്ഥാന വില നിശ്ചയിച്ച് ലേലം മുഖേന വിപണനം ചെയ്യുന്നതിലൂടെ ന്യായ വില ഉറപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**